(e) ഉണ്ടെങ്കിൽ അതിനെക്കുറിച്ചു ഗവമ്മെണ്ടു് അന്വേഷണങ്ങൾ നടത്തിട്ടുണ്ടോ; തത്സംബന്ധമായി ഗവമ്മെണ്ടിന്റെ അഭിപ്രായവും തീരുമാനവും എന്താണു്;

(f) കരുപ്പടന്നയും, പല്ലുറുത്തിന്റെ വടക്കെ അറ്റവും, കൃഷ്ണൻകോട്ടയും, പല്ലുറുത്തിന്റെ തെക്കെ അറ്റവും തമ്മിൽ ചിറകെട്ടി ബന്ധിച്ചു് പഞ്ചകൃഷി ചെയ്യാവുന്ന വിധത്തിൽ പല്ലുറുത്തു്, പൊയ്യ മുതലായ വില്ലേജുകളിലെ കൃഷിയെ അഭിവൃദ്ധിപ്പെടുത്തുവാൻ ഗവമ്മെണ്ടു വിചാരിക്കുന്നുണ്ടോ;

(g) മേൽപ്രസ്താവിച്ച സ്കീം നടപ്പിൽ വന്നാൽ കൃഷിക്കാർക്കു കൂടുതൽ ആദായവും ഗവമ്മെണ്ടിനു ഇരിപ്പു നികുതിയും ലഭിക്കുന്നതാണെന്നു ഗവമ്മെണ്ടു ആലോചിച്ചിട്ടുണ്ടോ;

(h) ഈ സ്കീംമൂലം എത്ര ഏക്കർ ഭൂമി അഭിവൃദ്ധിപ്പെടുമെന്നും ഏതെല്ലാം വില്ലേജുകൾക്കു ഇതിന്റെ ഗുണം അനുഭവിപ്പാൻ കഴിയുമെന്നും വിശദമായി പറയുമോ;

(i) ഈ സ്കീം നടപ്പിൽ വരുന്നതിനു എന്തു ചിലവു വേണ്ടിവരും;

(j) ഈ സ്കീം നടപ്പിൽ വരുത്തുന്നപക്ഷം കൊടുങ്ങല്ലൂരും ഇതരദേശങ്ങളും തമ്മിൽ ബന്ധിക്കുവാനും ഗതാഗതസൌകര്യം വർദ്ധിപ്പിക്കുവാനും സാധിക്കുമെന്ന കാര്യവുംകൂടി ഗവമ്മെണ്ടു ആലോചിച്ചിട്ടുണ്ടോ;

(k) ഈ സ്കീം പ്രവൃത്തിയിൽ വന്നുകഴിഞ്ഞാൽ കൊടുങ്ങല്ലൂരിനും കൊച്ചിയിലെ പല വില്ലേജുകൾക്കും അഭിവൃദ്ധി ഉണ്ടാകുന്നതിനു പുറമെ തിരുവിതാംകൂറിലെ ചില വില്ലേജുകൾക്കുകൂടി ഇതിന്റെ ഫലം ആസ്വദിപ്പാൻ കഴിയുമെന്നു ഗവമ്മെണ്ടു ചിന്തിച്ചിട്ടുണ്ടോ;

(l) ഉണ്ടെങ്കിൽ ഈ വിഷയത്തിൽ തിരുവിതാംകൂർ ഗവമ്മെണ്ടു വല്ല സഹായവും തരുമോ എന്നു ആ ഗവമ്മെണ്ടിനോടു അന്വേഷിച്ചിട്ടുണ്ടോ;

മിസ്റ്റർ ടി. എം. കൃഷ്ണമേനോൻ.—(a) മറ്റു താലൂക്കുകളുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ കൊടുങ്ങല്ലൂരിലും പരിസരങ്ങളിലും നെൽകൃഷിയെ സംബന്ധിച്ചേടത്തോളം അധഃപതിച്ചു കിടക്കുന്നതായി കാണുന്നില്ല.

(b) പല്ലുറുത്തു് ൧,൫൫൫.൯൩ ഏക്കർ.
തെക്കുംകര ൩൯൯.൫.൫൪
പൊയ്യ ൩൯൯.൪൩
വടമ ൧,൦൪൫.൯൩

(c) ഇല്ല.

(d) ഇല്ല.

(e) (ഡി) എന്ന ചോദ്യത്തിന്റെ മറുപടികൊണ്ടു ഈ ചോദ്യത്തിനു മറുപടി ആവശ്യമില്ല.

(f) to (l). ഈ സംഗതിയെപ്പറ്റി ഗവമ്മെണ്ടിൽ നിന്നും അന്വേഷണം നടത്തിവരുന്നുണ്ടു്.

Public tanks, wells, &c., not open to all castes.

404. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—(a) കൊടുങ്ങല്ലൂരിലും, എടവിലങ്ങു്, ചേന്ദമംഗലം എന്നീ വില്ലേജുകളിലും പൊതു മുതൽ കൊണ്ടു സംരക്ഷിച്ചുപോരുന്നതും എല്ലാ ജാതിക്കാർക്കും പ്രവേശനമില്ലാത്തതുമായ കുളങ്ങൾ, കിണറുകൾ, റോഡുകൾ, കെട്ടിടങ്ങൾ മുതലായവ എത്രയുണ്ടു്;

(b) അവ ഓരോന്നിലും പ്രവേശനം വിരോധിച്ചിരിക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം?

രാമവർമ്മ തമ്പുരാൻ.—(a) ഒരു ലിസ്റ്റു് കൌൺസിൽ മേശപ്പുറത്തു വെച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(b) കാരണങ്ങൾ ലിസ്റ്റിൽ കൊടുത്തിട്ടുണ്ട്".

Maintenance of roads in Cranganur.

405. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—(a) ക്രാഠ൪-ൽ കൊടുങ്ങല്ലൂരിലെ ഓരോ റോഡിന്നും സംരക്ഷണ പണികൾക്കായി എത്ര ഉറുപ്പിക വീതം അനുവദിച്ചിരുന്നുവെന്നും അവയിൽ ഏതെല്ലാം പണികൾ നടത്തിയെന്നും പറയാമൊ;

(b) സംരക്ഷണം ചെയ്യാത്ത റോഡുകൾ ഉണ്ടെങ്കിൽ അതിന്ന കാരണം പറയുമൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—

P. W. D.

(a)		ക.	ണ.	സ.
ക.	അഴീക്കോട് റോഡ്	നൂ൯൪	൦	൦
ഖ.	കരിയാപ്പിള്ളി—കോതപറമ്പ് റോഡ്	ഖ൪൦	൦	൦
ന.	ശ്രീംഗപുരം—കോട്ടപ്പുറം റോഡ്	ക്രാ൦൦	൦	൦
൪.	ആലുപത്രി റോഡ്	൭൬	൦	൦

ഈ പണികൾ എല്ലാം നടത്തിട്ടുണ്ട്.

Panchayat.	ക.	ണ.	സ.
ലോകമലേശ്വരം	ക്രാ൦	൦	൦
മേത്തല	ക്രാ൭	൦	൦

ഇതിൽ മേത്തല വില്ലേജിൽ കോട്ടപ്പുറത്തുനിന്ന മേത്തല വില്ലേജ കച്ചേരിക്കു സമീപം ചെന്നുചേരുന്ന വഴിയുടെ പണി മാത്രമെ നടത്തിയിട്ടുള്ളു.

(b) പബ്ലിക് വർക്സ് ഡിപ്പാർട്ട്മെണ്ടിന്റെ കീഴിൽ സംരക്ഷണംചെയ്യാത്ത റോഡുകൾ ഒന്നുമില്ല. എന്നാൽ പഞ്ചായത്തിന്റെ കീഴിലുള്ള (a)യിൽ കാണിച്ചിട്ടുള്ള റോഡിനു പുറമെയുള്ള റോഡുകൾ സംരക്ഷണം ചെയ്യേണ്ടതിലേക്കു അതാതു പഞ്ചായത്തുകളിൽനിന്നും എഴുതി അയക്കാത്തതിനാൽ പണികൾ നടത്തുവാൻ സാധിച്ചില്ല.

Representations of the inventor of Malayalam Typewriter.

406. Mr. K. Mohamed Seethi.—(a) Will the Government be pleased to state whether Mr. N. S. Pandalai, the inventor of Malayalam type-writer and short-hand, Trivandrum, addressed a petition to them dated 30th August 1927 and a reminder dated 26th October 1927;

(b) what was the encouragement sought in the said petition;

(c) what reply, if any, the Government sent to the petitioner?

Rama Varmha Tampuran.—(a) Yes.

(b) The petitions have been destroyed under the rules and hence the information required cannot be furnished.

(c) Vide answer to sub-division (b).

Mr. K. Mohamed Seethi.—With regard to the answer to (b), may I know what the rule is with regard to the destruction of documents?

LIBRARY ARCHIVES Kerala Legislative Assembly